601/gov/18

7370
12/6/18

കേരള സർക്കാർ

നം. 720/ഡിസി1/2018/ത.സ്വ.ഭ.വ

തദ്ദേശ സ്വയംഭരണ (ഡി സി)വകുപ്പ്,
തിരുവനന്തപുരം, തീയതി : 08/06/2018

## പരിപത്രം

വിഷയം :- തദ്ദേശസ്വയംഭരണ വകുപ്പ് - ആരോഗ്യ ജാഗ്രത പകർച്ചവ്യാധി പ്രതിരോധ യജ്ഞം 2018 - ഭവന സന്ദർശനം നടത്തി സ്വീകരിക്കേണ്ട അടിയന്തര നടപടികൾ സംബന്ധിച്ച്.

സൂചന :- 1) 25/05/18 ലെ 720/ഡി.സി1/18/ത.സ്വ.ഭ.വ നമ്പർ പരിപത്രം
2) 31/05/2018 ൽ ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ മഴക്കാല പൂർവ്വ ശുചീകരണ അവലോകന യോഗ തീരുമാനം

2
14/6/18

ES

സംസ്ഥനത്ത് 2018 വർഷത്തിൽ - പകർച്ചവ്യാധികൾ പടർന്നു പിടിക്കാതിരിക്കാനുളള പ്രതിരോധ പ്രവർത്തനങ്ങൾ മുൻകൂട്ടി ആസൂത്രണം ചെയ്യുന്നതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ സ്വീകരിക്കേണ്ട അടിയന്തര നടപടികൾ സംബന്ധിച്ച വിശദമായ മാർഗ്ഗ നിർദ്ദേശം സൂചന (1) പ്രകാരം പുറപ്പെടുവിച്ചിരുന്നു. എങ്കിലും പകർച്ചവ്യാധികൾ സംസ്ഥാനത്തിന്റെ വിവധ ഭാഗങ്ങളിൽ നിന്നും റിപ്പോർട്ട് ചെയ്തു തുടങ്ങിയ സാഹചര്യത്തിൽ പ്രസ്തുത പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന്റെ ഭാഗമായി cleaning survey/ശുചീകരണ പ്രവർത്തനങ്ങളുടെ പ്രതിദിന പുരോഗതി സർക്കാരിൽ ലഭ്യമാക്കുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ഓരോ വാർഡിലും 50 വീടുകൾ അടങ്ങുന്ന പ്രത്യേക യൂണിറ്റുകൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഒരു നോഡൽ ഓഫീസറെ ചുമതലപ്പെടുത്തേണ്ടതാണ്.
2. ഭവന സന്ദർശനത്തിനായി നിയോഗിക്കപ്പെടുന്ന ടീമംഗങ്ങൾ (ആരോഗ്യസേന.കുടുംബശ്രീ പ്രവർത്തകർ, ആശ വർക്കർ. ശുചിത്വസ്ക്വാഡ് അംഗങ്ങൾ etc) അതാത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ എല്ലാ ഭവനങ്ങളും പൊതുസ്ഥലങ്ങളും സന്ദർശിച്ച് ശുചിത്വ മാപ്പിംഗ് നടത്തി നിശ്ചിത റിപ്പോർട്ടിംഗ് രൂപരേഖ പ്രകാരം (പകർപ്പ് ഉളളടക്കം ചെയ്യുന്നു) അതാത് ദിവസം വൈകുന്നേരം 6 മണിക്ക് മുമ്പായി suchitwajagratha.lsgdkerala.gov.in എന്ന വെബ് പോർട്ടലിൽ അപ് ലോഡ് ചെയ്യേണ്ടതാണ്.

   പ്രസ്തുത റിപ്പോർട്ട് Data - entry operator മുഖേന upload ചെയ്ത് പ്രസിദ്ധീകരിക്കുന്നതിന് മുമ്പായി അതാത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി അപ്രൂവ് ചെയ്യേണ്ടതാണ്. നഗരസഭാ സെക്രട്ടറിമാർക്ക് ഇതിനായി അനുയോജ്യരായ മറ്റൊരുദ്യോഗസ്ഥനെ/ഉദ്യോഗസ്ഥയെ ചുമതലപ്പെടുത്താവുന്നതാണ്.
3. മേൽ പ്രവർത്തനങ്ങൾ ആരോഗ്യ വകുപ്പിലെ PHC മെഡിക്കൽ ഓഫീസർ മോണിറ്റർ ചെയ്യേണ്ടതാണ്. JPHI/JPHN മറ്റു ഉദ്യോഗസ്ഥരും ഇതിൽ സജീവമായി പ്രവർത്തിക്കേണ്ടതാണ്.
4. 2018 ജൂൺ 11 മുതൽ മേൽപ്പറഞ്ഞ portal ൽ cleaning survey വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. 2018 July 30, വരെ എല്ലാ തിങ്കളാഴ്ചയും, അതിനുശേഷം ഓരോ

രണ്ടാഴ്ച തോറും ഇതിന്റെ വകുപ്പ്തല അവലോകനം നടത്തുന്നതാണ്. മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവെയ്ക്കുന്ന വാർഡുകളുടെയും, കൃത്യ വിലോപം നിരീക്ഷിക്കപ്പെടുന്ന വാർഡുകളുടെ/ഉദ്യോഗസ്ഥരുടെയും പേരു വിവരങ്ങൾ ടി പോർട്ടലിൽ അവലോകനത്തിനു ശേഷം ലഭ്യമാക്കുന്നതാണ്.

ദിവ്യ എസ്. അയ്യർ
ഗവ.ഡെപ്യൂട്ടി സെക്രട്ടറി

1. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
2. എല്ലാ നഗരസഭ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
3. എല്ലാ ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
4. എക്സിക്യൂട്ടീവ് വൈസ്ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ
5. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
6. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
7. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
8. ചീഫ് ടൗൺ പ്ലാനർ ,തിരുവനന്തപുരം
9. ചീഫ് എൻജിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
10. ആരോഗ്യവകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
11. എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
12. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
13. എല്ലാ ജില്ലാപഞ്ചായത്ത് പ്രസിഡൻറുമാർക്കും സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
14. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറുമാർക്കും സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന )
15. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡൻറുമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന )
16. എക്സിക്യൂട്ടീവ് ചെയർമാൻ ആൻറ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
17. എല്ലാ ജില്ലാ കളക്ടർമാർക്കും (എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, മുഖേന)
18. മാനേജിങ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്
19. അക്കൗണ്ടൻറ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
20. ഓഫീസ് കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻ പ്രാകരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ. യ്ക്ക്
ആരോഗ്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ. യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് (റൂറൽ ) സെക്രട്ടറിയുടെ പി.എ. യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് ( അർബൻ )സെക്രട്ടറിയുടെ പി.എ. യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ സി എ യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി എ യ്ക്ക്

മേലെഴുത്ത് നം: ജെ.എ/2210/15/സിഡി/തസ്വഭവ തീ: 21.06.2018
പ്രസ്തുത സർക്കാർ സർക്കുലറിന്റെ പകർപ്പ് അറിവിലേക്കും തുടർനടപടികൾക്കുമായി നൽകുന്നു

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ